LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര പരിസ്ഥിതിനയം

61 [3315] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനമന്ത്രാലയം 2004-ൽ പ്രസിദ്ധീകരിച്ച കേന്ദ്ര പരിസ്ഥിതി നയം സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ ഇതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിൻമേൽ സംസ്ഥാന സർക്കാർ ശുപാർശകളോ/അഭിപ്രായങ്ങളോ സമർപ്പിച്ചുവെങ്കിൽ അതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(സി) അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിലേക്ക് വ്യക്തികൾ, സർക്കാർ സ്ഥാപനങ്ങൾ, പരിസ്ഥിതി സംഘടനകൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) കരട് കേന്ദ്ര പരിസ്ഥിതിനയം ലഭിച്ചിരുന്നു. പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ബി) സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

(സി) പ്രസ്തുത പരിസ്ഥിതി നയത്തിന്റെ കരടുരൂപം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇവയുടെ വെളിച്ചത്തിലാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2004-ൽ പ്രസിദ്ധീകരിച്ച കരട് കേന്ദ്ര പരിസ്ഥിതി നയത്തെക്കുറിച്ചുള്ള കേരള സർക്കാരിന്റെ അഭിപ്രായം തയ്യാറാക്കിയിട്ടുള്ളത്. ഇതിനുപുറമെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസ്തുത കരടുനയം ലഭ്യമാക്കുകയും പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങൾ കേന്ദ്രസർക്കാർ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്ന നടപടി

62 [3316] *ശ്രീ. യു. സി. രാമൻ:*
„ *പി. കെ. കെ. ബാവ:*
„ *സി. മോയിൻകുട്ടി:*
„ *ടി. പി. എം. സാഹിർ:*
„ *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് സ്കൂളുകളിലെ പ്ലേഗ്രൗണ്ടിന് ചുറ്റും തണൽ മരങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് തേക്കിൻതൈ ഉൾപ്പെടെയുള്ള വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ തൈകൾ ഈ മൺസൂൺകാലത്തുതന്നെ സൗജന്യമായി വിതരണം ചെയ്യുമോ?

ഉത്തരം

(എ) സർക്കാരിന്റെ ഒരുവർഷ പരിപാടിയുടെ ഭാഗമായി ''ഹാബിറ്റാറ്റ് ഫോറസ്ട്രി''യും വനമഹോത്സവത്തോടനുബന്ധിച്ച് നടപ്പാക്കുന്ന ''വൃക്ഷോൽസവം'' പദ്ധതിയും കേരളത്തിലെ വിദ്യാലയങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ഉദ്ദേശിച്ചുള്ളവയാണ്.

(ബി) മേൽപ്പറഞ്ഞ പദ്ധതികളുടെ ഭാഗമായി ഈ മൺസൂൺ കാലത്തുതന്നെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്.

മെരുക്കിയ ആനകളെ കൊണ്ടുപോകുന്നതിനുള്ള വ്യവസ്ഥകൾ

63 [3317] *ശ്രീ. വർക്കല കഹാർ:*
,, എം. എം. ഹസ്സൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. സുധാകരൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെരുക്കിയ ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റ് സ്ഥലത്തേക്ക് കൊണ്ടുപോകുന്നതുസംബന്ധിച്ച് എന്തെങ്കിലും ചട്ടങ്ങളോ വ്യവസ്ഥകളോ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ ചട്ടങ്ങളും വ്യവസ്ഥകളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മെരുക്കിയ ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ എത്രയെണ്ണം അപകടത്തിൽപ്പെട്ടിട്ടുണ്ട്;

(ഡി) ഇപ്രകാരം ആനയെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ അത് സഞ്ചരിക്കുന്ന സ്ഥലങ്ങളിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകൾക്കും വിവരം നൽകാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിന്റെ 43, 48 'എ' സെക്ഷനുകൾ പ്രകാരവും, 2003 ലെ നാട്ടാന പരിപാലനവും സംരക്ഷണവും ചട്ടപ്രകാരം ഉള്ള വ്യവസ്ഥകളുമാണ് നാട്ടാനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പോൾ പാലിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly